"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്- പുനർഗേഹം പദ്ധതി- ശ്രീ.മധു, S/o മാധവൻ, പുതുവൽ എന്ന വ്യക്തിയെ മണ്ണുമ്പുറം ഫ്ലാറ്റിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.195/2026/F&P തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:-
1. ശ്രീ.മധു 11/11/2025 തീയതിയായി സമർപ്പിച്ച അപേക്ഷ.
2. ഫിഷറീസ് ഡയറക്ടറുടെ 12/02/2026-ലെ DFTVM/4232/2025-S1PIU നമ്പർ കത്ത്.

**ഉത്തരവ്**

പുനർഗേഹം പദ്ധതി പ്രകാരം നിർമ്മാണം പുരോഗമിച്ചു വരുന്ന ആലപ്പുഴ ജില്ലയിലെ മണ്ണുമ്പുറം ഫ്ലാറ്റ് സമുച്ചയത്തിലേക്കുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം ശ്രീ.മധു അപേക്ഷ സമർപ്പിച്ചിരുന്നു.

2) അപേക്ഷകനായ ശ്രീ.മധു പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വ്യക്തിയും, മത്സ്യമേഖലയിൽ തൊഴിൽ (മത്സ്യക്കച്ചവടവും, കടൽ-കായൽ മത്സ്യബന്ധനവും) ചെയ്യുന്നയാളുമാണ്. ടിയാന് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമില്ല. ടിയാൻ മത്സ്യമേഖലയിൽ തൊഴിൽ കുറയുമ്പോൾ മറ്റ് കൂലി പണികൾക്കും പോകാറുണ്ട്. ടിയാൻ തോട്ടപ്പള്ളിയിൽ ഒരു വീടിന്റെ ഒരു മുറി മാത്രം പ്രതിമാസം 1000/- രൂപ വാടകയ്ക്ക് എടുത്ത് കഴിയുകയാണെന്നും, ടിയാൻ സ്വന്തമായി വീടോ സ്ഥലമോ ഇല്ലായെന്നാണ് പ്രാദേശിക അന്വേഷണത്തിൽ അറിയാൻ സാധിച്ചതെന്നും ഫിഷറീസ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകൻ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ അതിദാരിദ്ര ലിസ്റ്റിലോ, ലൈഫ് മിഷൻ ഭൂരഹിത ഭവന രഹിത ലിസ്റ്റിലോ, പുനർഗേഹം സർവ്വേ ലിസ്റ്റിലോ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ നിലവിലുള്ള മാർഗരേഖ പ്രകാരം ടിയാളിനെ മണ്ണംപുറം ഫ്ലാറ്റിലേയ്ക്ക് പരിഗണിക്കാൻ കഴിയുകയില്ലെന്ന് ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഹർജിക്കാരൻ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വ്യക്തിയായതിനാലും, മത്സ്യമേഖലയിൽ തൊഴിൽ ചെയ്യുന്നയാളായതിനാലും, ഹർജിക്കാരന്റെ ദയനീയ സാഹചര്യം കണക്കിലെടുത്തും, പ്രത്യേക കേസായി പരിഗണിച്ച് മാനുഷിക പരിഗണന നൽകി ശ്രീ.മധു, S/o മാധവൻ, പുതുവൽ എന്ന വ്യക്തിയെ മണ്ണുമ്പുറം ഫ്ലാറ്റിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ ഓഫീസ് കോപ്പി. (സി2/59/2026/മതുവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by Sabitha Shiju
Date: 06-03-2026 15:49:47

സെക്ഷൻ ഓഫീസർ